//ഭരണഭാഷ - മാതൃഭാഷ//

നം.പി.എൽ.(2)/18303/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി.27-12-2019
ഫോൺ നം.0471-2580586
ഇ-മെയിൽ: dpiplanning@gmail.com

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സാർ,

**വിഷയം:-** പൊതു വിദ്യാഭ്യാസം-സംസ്കൃത വിദ്യാഭ്യാസ വികസനം-സ്കോളർഷിപ്പ് പരീക്ഷ-സംബന്ധിച്ച്.

**സൂചന :-**

********

2019-20 അദ്ധ്യായന വർഷം സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികൾക്കായിട്ടുള്ള സ്കോളർഷിപ്പ് പരീക്ഷ 2020 ജനുവരി 24, 25 തീയ്യതികളിൽ ആണ് നടത്തുന്നത്. 24 ന് എച്ച്.എസ്, 25 ന് യു.പി, എൽ.പി എന്നീ ക്രമത്തിലാണ് പരീക്ഷ നടത്തുന്നത്. പരീക്ഷ സുഗമമായി നടത്തുന്നതിന് ജില്ലാ/ഉപജില്ലാ തലത്തിൽ പരീക്ഷാ കേന്ദ്രങ്ങൾ കണ്ടെത്തി ക്രമീകരിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി കൗൺസിൽ സെക്രട്ടറിമാരുടെ സഹായം തേടാവുന്നതാണ്. സംസ്കൃതം പഠിപ്പിക്കുന്ന സ്കൂളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ നിന്നും 2 പേരെ വീതമാണ് പരീക്ഷയ്ക്ക് തെരെഞ്ഞെടുക്കേണ്ടത്. പരീക്ഷയുടെ മൂല്യനിർണ്ണയത്തിനു ശേഷം എൽ.പി. വിഭാഗം ഓരോ ക്ലാസ്സിലേയും 10 കുട്ടികളുടേയും, യു.പി വിഭാഗം ഓരോ ക്ലാസ്സിലേയും 15 കുട്ടികളുടേയും, എച്ച്.എസ് വിഭാഗം ഓരോ ക്ലാസ്സിലേയും 30 കുട്ടികളുടേയും റാങ്ക് ലിസ്റ്റ് ഈ ഓഫീസിലേക്ക് അയക്കേണ്ടതാണ്. കട്ടപ്പന, തൊടുപുഴ, കുട്ടനാട്, കാഞ്ഞിരപ്പള്ളി, പാല എന്നീ വിദ്യാഭ്യാസ ജില്ലകളിൽ നിന്നും 20 കുട്ടികളുടെ റാങ്ക് ലിസ്റ്റാണ് അയക്കേണ്ടത്. ഇ-മെയിൽ ഐ.ഡി dpiplanning@gmail.com.

ഓരോ ക്ലാസ്സിലും മിനിമം എൽ.പി - 10, യു.പി - 15, എച്ച്.എസ് - 30 കുട്ടികൾ പരീക്ഷ എഴുതുന്നു എന്നും ഉറപ്പ് വരുത്തേണ്ടതാണ്. അതിനായി ആവശ്യമെങ്കിൽ ഓരോ വിദ്യാലയത്തിൽ നിന്നും രണ്ടിൽ കൂടുതൽ കുട്ടികളെ പരീക്ഷയ്ക്ക് ഇരുത്താവുന്നതാണ്. റാങ്ക് ലിസ്റ്റ് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ഒപ്പു സഹിതം അയക്കേണ്ടതാണ്. അത് ഇവിടെ നിന്നും അംഗീകരിച്ചു കിട്ടുന്ന മുറയ്ക്ക് കുട്ടികൾക്ക് സ്കോളർഷിപ്പു തുക നൽകേണ്ടതാണ്. ഇതിൽ കാലതാമസം വരാതെ നോക്കേണ്ടതാണ്.

ചോദ്യ പേപ്പറുകളും സർട്ടിഫിക്കറ്റുകളും കൊറിയർ മുഖേന വിദ്യാഭ്യാസ ജില്ലാ ഓഫീസുകളിൽ എത്തിക്കുന്നതാണ്. ഉപജില്ലാ ഓഫീസർമാർ ജില്ലാ ഓഫീസിൽ നിന്നും ചോദ്യ പേപ്പറും സർട്ടിഫിക്കറ്റും കൈപ്പറ്റേണ്ടതും, കുട്ടികൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ,

പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)